## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5672** | **09/07/2012 -ൽ മറുപടിക്ക്**

## വിദ്യാർത്ഥി പീഡനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സർക്കാർ/എയിഡഡ് വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളെ ലൈംഗികമായി പീഡിപ്പിക്കുന്ന പ്രവണത ഇപ്പോൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം അദ്ധ്യാപകർക്കെതിരെ കർശന നിയമം വിദ്യാഭ്യാസ ചട്ടങ്ങളിൽ വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ലൈംഗിക പീഡനശ്രമം നടത്തുന്ന അദ്ധ്യാപകരെ ക്രിമിനൽ കേസെടുത്ത് നിയമത്തിന് മുന്നിൽ കൊണ്ടുവരാനും, സർവ്വീസിൽ നിന്നും പിരിച്ചുവിടാനുമുള്ള നടപടികൾക്ക് സർക്കാർ രൂപം നൽകുമോ; വിശദമാക്കുമോ;<br><br>(സി) അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ ഇത്തരത്തിൽ ലൈംഗിക പീഡനശ്രമം നടത്തുന്ന അദ്ധ്യാപക/ അനദ്ധ്യാപകർക്കെതിരെ എന്തൊക്കെ കർശന നടപടികളാണ് സർക്കാർ പുതുതായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) ആന്റ് (സി)<br>വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ച് പീഡനശ്രമം നടത്തുന്ന അദ്ധ്യാപകർക്കെതിരെ ക്രിമിനൽ കേസെടുത്ത് നടപടി സ്വീകരിക്കുവാൻ കഴിയും. അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ ഈ പ്രവണത ഉണ്ടെങ്കിൽ വിദ്യാഭ്യാസ അവകാശ നിയമപ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്. |

(.........2)

| | | | |
|---|---|---|---|
| (ഡി) | കക്കാട് കേരള ഇംഗ്ലീഷ് മീഡിയം വിദ്യാർത്ഥിനികളെ നഗ്നരാക്കി പരിശോധന നടത്തിയ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടുവോ; എങ്കിൽ ഇത്തരം പ്രവൃത്തി നടത്തിയ അധ്യാപകർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ; | (ഡി) | കക്കാട് കേരള ഇംഗ്ലീഷ് മീഡിയം സ്കൂളിലെ വിദ്യാർത്ഥിനികൾക്ക് നേരെ നടന്നു എന്ന് റിപ്പോർട്ട് ചെയ്ത സംഭവത്തിൽ അന്വേഷണം നടത്തുന്നതിന് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചശേഷം ആവശ്യമെന്നുകണ്ടാൽ മാനേജർക്കും അദ്ധ്യാപകർക്കുമെതിരെ നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ചില അദ്ധ്യാപകർ വിദ്യാർത്ഥികളെ ചെറിയ തെറ്റുകൾക്ക് പോലും ചൂരൽ പ്രയോഗത്തിന് വിധേയരാക്കുന്നതും, ചില അധ്യാപകർ കുട്ടികളെ മാനസികമായി പീഡിപ്പിക്കുന്നതായും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള പ്രവണത തടയാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ